**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1250** **07-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരഗ്രാമം പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതൽ ഉള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്നത്. ഇത്തരം പ്രദേശങ്ങളിൽ പാലുല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ക്ഷീരഗ്രാമം പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്ത് പരിധിയിലെ ക്ഷീരകർഷകരുടെ എണ്ണം, ഉരുക്കളുടെ എണ്ണം, ക്ഷീരസംഘങ്ങളുടെ എണ്ണം, ക്ഷീരസംഘങ്ങളുടെ പ്രവർത്തന മികവ്, അധിക പാൽ സംഭരിക്കുവാനും വിപണനം നടത്തുവാനുമുള്ള സംഘങ്ങളുടെ മികവ്, എന്നിവ മാനദണ്ഡമാക്കിയാണ് ക്ഷീരഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നത് |
| (ബി) | കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ? | (ബി) | അർഹത മാനദണ്ഡങ്ങൾക്കും മുൻഗണന മാനദണ്ഡങ്ങൾക്കും വിധേയമായും ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ചും കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതി ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ